കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡിപി.10/213/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇ-മെയിൽ-dokkd.ksad@kerala.gov.in
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ജില്ലാ ഓഡിറ്റ് കാര്യാലയം

തീയതി-05.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി/10/213/2020 തീയതി- 05.03.2020

**കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ**

**2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.02.2019 തിയ്യതി മുതൽ 05.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) **ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.വാസുദേവൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ,<br>വിനിയോഗിച്ച സമയം | 06.02.2020 മുതൽ 13.02.2020 വരെ |
| ശ്രീ. ബാലകൃഷ്ണൻ കെ.എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. സതീഷ്കുമാർ സി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാജീവൻ എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ശ്രീജിത് കെ.വി | ഓഡിറ്റർ |

(ബി)**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. റീന.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. അനിൽകുമാർ.കെ.പി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 27.04.2018 വരെ |
| | രാമചന്ദ്രൻ എം | 28.04.2018 മുതൽ 21.06.2018 |

| | | |
|---|---|---|
| | | വരെ |
| | മനോജ്കുമാർ കെ.ടി. | 22.06.2018 മുതൽ 07.07.2018 വരെ |
| | അനിൽകുമാർ കെ.ടി | 08.07.2018 മുതൽ 13.07.2018 വരെ |
| | മനോജ്കുമാർ കെ.ടി. | 14.07.2018 മുതൽ 09.08.2018 വരെ |
| | സുനിലകുമാരി കെ.വി. | 10.08.2018 മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എഞ്ചിനീയർ | ശ്രീമതി. ഉഷാകുമാരി.പി.പി | 01.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീമതി.ദീപ ടി | 20.06.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. അനിൽകുമാർ.കെ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സ്മിതാനന്ദിനി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രീത.ഇ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മഹേഷ് കെ, , | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബബിത പി | 01.04.2018 മുതൽ 11.07.2018 വരെ |
| | ഡോ.ദിവ്യശ്രീ | 12.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സീമ.പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ സി ഡി എസ് സൂപ്പർ വൈസർ | ശ്രീമതി. പുഷ്പ.കെ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സിജിന | 01.04.2018 മുതൽ 25.11.2018വരെ |
| | ശ്രീമതി. ജിഷ.ഒ.കെ | 26.11.2018 മുതൽ 31.03.2019 വരെ |
| വി. ഇ. ഒ | ശ്രീ. സുജേഷ്.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. രജീഷ്.സി.കെ | 31.05.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. വേണു.സി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | ഭാഗം-1<br>ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു. | 1-2 |
| 3 | ആഭ്യന്തരനിയന്ത്രണം | 1-3 |
| 4 | വാർഷിക കണക്കിലെ അപാകതകൾ | 1-4 |
| 5 | തൊഴിൽ നികുതി | 1-5 |
| 6 | രശീത് പിരിവിലെ അപാകതകൾ | 1-6 |
| 7 | ഡി. ആന്റ് ഒ. ലൈസൻസ് -അപാകതകൾ | 1-7 |

| | | |
|---|---|---|
| 8 | ബിൽഡിംഗ് പെർമിറ്റ് – അപാകതകൾ | 1-8 |
| 9 | പഞ്ചായത്ത് ഭൂമി സംരക്ഷണം | 1-9 |
| 10 | പൊതു മരാമത്ത് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-0 |
| 11 | എസ്.എസ്.എസ്.എ.ഫണ്ട് തുക വകയിരുത്തി ചെലവഴിച്ചതിൽ അപാകത | 1-11 |
| 12 | അടിസ്ഥാന രേഖകളില്ലാതെ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് നൽകുന്നു. | 1-12 |
| 13 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ – അപാകതകൾ | 1-13 |
| 14 | അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ – ഗാർഹിക കണക്ഷനുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചില്ല. | 1-14 |
| 15 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം – സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-15 |
| 16 | പദ്ധതി ആസൂത്രണം നിർവ്വഹണം – സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-16 |
| 17 | വനിതകൾക്ക് കറവപ്പശു വിതരണം – ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്താത്തതും മറ്റ് അപാകതകളും | 1-17 |
| 18 | കുടുംബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു. | 1-18 |
| 19 | ചെറുകിട വ്യവസായ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയില്ല. | 1-19 |
| | **ഭാഗം-2**<br>**വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം-3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം-4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 20 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 21 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 22 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 24 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 26 | ഓഡിറ്റ് റിക്കവറി | 4-7 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 28 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 16.03.2018 ലെ 71/18തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 180320045 രൂപയും പ്രതീക്ഷിത ചെലവ് 178595868 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 104730491രൂപയും യഥാർത്ഥ ചെലവ് 92939563 രൂപയുമാണ്. ഡിസംബർ അവസാന വാരം ഘടക സ്ഥാപന ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപോസലുകളും ബജറ്റ് വർഷത്തേക്കുള്ള നോൺപ്ലാൺ പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം.എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 12.02.2018 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തത്. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്

## 1-2 ഫണ്ട് വിനിയോഗം - ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു

തൻവർഷം 153 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 111 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 111002555 രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 72405190രൂപയാണ് ചെലവഴിച്ചത്.വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | ലഭിച്ച തുക | ചെലവഴിച്ചത് | ലാപ്സായ തുക | ചെലവ്% |
|---|---|---|---|---|
| പൊതുവിഭാഗം സാധാരണഫണ്ട് | 18044695 | 17760406 | 284289 | 98.42% |
| എസ്.സി.പി. | 4634000 | 4239523 | 394477 | 91.49% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8374000 | 8057632 | 316368 | 96.22% |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 7147000 | 7142050 | 4950 | 99.93% |
| മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) | 3719000 | 3374616 | 344384 | 90.74% |
| ആകെ | 41918695 | 40574227 | 1344468 | 96.79% |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 1344468 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.(സ.ഉ(കൈ)നം.11/2018തസ്വഭവ തീ 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക)പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാക്കതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്.വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്.പ്രൊജക്ടുകളുടെ എണ്ണം കുറച്ച് ,ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-3 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ് .പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ച ചേർത്തതായി കാണുന്നില്ല.2018-19 വർഷം 8സ്റ്റാഫ് മീറ്റിംഗുകളാണ് ചേർന്നത്. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടില്ല.സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്. .ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-4 വാർഷിക കണക്കിലെ അപാകതകൾ

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ് ബി-17 പ്രകാരം താഴെ കാണിച്ച പ്രകാരം 12367397 രൂപ വിവിധ തനതുഫണ്ട് അക്കൗണ്ടുകളിൽ 31/03/2019ന് നീക്കിയിരിപ്പുണ്ട്.

| അക്കൗണ്ട് നമ്പർ | തുക |
|---|---|
| എസ്.ബി.ഐ 90380 | 886766 |
| എസ്.ബി.ഐ 57039980902 | 143992 |
| മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് - 399 | 3277764 |
| ട്രഷറി ടി.എസ്.ബി | 8058875 |

അംഗനവാടി പോഷകാഹാരപരിപാടി കേന്ദ്രവിഹിതം ,വിമുക്തിഫണ്ട്,പട്ടികജാതിവിഭാഗത്തിന് ശ്മശാന സംരക്ഷണത്തിന് ലഭിച്ച ഫണ്ട്,കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച ധർമക്കുന്ന് കുടിവെള്ള പദ്ധതിക്കുള്ള ഗ്രാന്റ്,ശുചിത്വമിഷൻ ഫണ്ട്,ബഡ്സ് സ്കൂൾ ഫണ്ട്,ആരോഗ്യകേരളം അവാർഡ് തുക എന്നീ പ്രത്യേക ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ട തുകകൾ മേൽപ്പറഞ്ഞ തനതു ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഓരോ അക്കൗണ്ടുകളിലും ഏതൊക്കെ ഫണ്ടുകളാണ് നീക്കിയിരിപ്പുള്ളത് എത്ര വീതമാണ് എന്ന വിവരം കാണിക്കുന്ന അപ്രോപ്രിയേഷൻ കണ്ട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വകമാറി ചെലവഴിക്കാതിരിക്കുന്നതിനും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ച അനുബന്ധ പത്രികയിൽ 1280000 രൂപ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ ബി-18,ആർ.പി-47 എന്നീ ഷെഡ്യൂളുകളിൽ മേൽപ്പറഞ്ഞ തുക ഉൾപ്പെട്ടിട്ടില്ല.

3. തൻവർഷം മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട്ബിൽ നൽകിയതായി കാണുന്നില്ല.എന്നാൽ ഷെഡ്യൂൾ ബി-11എ -ൽ 1080000 രൂപ കേപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ കാണിച്ചിരിക്കുന്നു.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. വസ്തുനികുതിയുമായി ബന്ധപ്പെട്ട് എസ്.ബി.ഐ യുടെ മേപ്പയ്യൂര് ശാഖയിലുള്ള 67391789067 നമ്പർ ബാങ്ക് അക്കൗണ്ടിൽ ബാങ്ക് ബുക്ക് പ്രകാരം 68144 രൂപ 31.03.19 തീയതിയിൽ നീക്കിയിരിപ്പ് ഉണ്ടാകേണ്ടതാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 54625 രൂപയാണ് നീക്കിയിരിപ്പുള്ളത്. നികുതി ദായകരിൽ നിന്നും 31.03.19 തീയതിയിൽ ഓൺലൈനായി ക്രഡിറ്റ് ചെയ്യപ്പെട്ട തുക 19.06.2019 നാണ് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. കാലതാമസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

6. ബാലൻസ് ഷീറ്റിലെ B-9 പട്ടികയിൽ Other Recoveries from Employees എന്ന ശീർഷകത്തിൽ 37196 രൂപ ബാധ്യതയായി നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട ജീവനക്കാർക്ക് തിരിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 79647 വസ്തുനികുതി കുടിശ്ശിക ഇനത്തിൽ സ്ഥാപനത്തിന് ലഭിക്കാനുണ്ട്. എന്നാൽ 2018-19 വർഷത്തിൽ 59061 രൂപയാണ് ഈ ഇനത്തിലുള്ള ഡിമാന്റായി പരിഗണിച്ചിട്ടുള്ളത്. 2018-19 വർഷത്തെ തൻവർഷ ഡിമാന്റിൽ നിന്നും 113692 രൂപ ബുക്ക് അഡ്ജസ്റ്റ് മെന്റായി രേഖപ്പെടുത്തി കുറവ് ചെയ്തിട്ടുണ്ട്. ആയതിൽ 73896 രൂപ വസ്തു നികുതി ഇനത്തിലെ അഡ്വാൻസ് കളക്ഷനിൽ നിന്നാണ് ക്രമീകരിച്ചിട്ടുള്ളത്. ബാക്കി തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8. ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പട്ടിക I-18 Prior Period Items ൽ വസ്തു നികുതി ഇനത്തിൽ 119838 രൂപ രേഖപ്പെടുത്തി അത്രയും തുക വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

9. കുടിശ്ശിക, തൻവർഷത്തെ ഭരണ ചെലവുകളുടെ കുടിശ്ശിക എന്നിവ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

## 1-5 തൊഴിൽ നികുതി

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകളിൽ അവധി, വിടുതൽ, പ്രവേശിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ ചേർത്ത് പൂർണ്ണമായ റിട്ടേണുകൾ സമർപ്പിക്കുന്നില്ല. ഉദാ- വിളയാട്ടൂർ എളമ്പിലാട്ട് എം.യു.പി.സ്കൂളിന്റെ റിട്ടേണിൽ ക്രമനമ്പർ 30 ആയി ചേർത്തിട്ടുള്ള അനുശ്രീ.എസ്. (എൽ.പി.എസ്.എ) എന്നവരുടെ 2018-19 വർഷത്തെ ആകെ വരവായി ചേർത്തിട്ടുള്ളത് 115920 രൂപയാണ്. 25200-54500 ശമ്പള സ്കെയിലിലുള്ള എൽ.പി.എസ്.എ തസ്തികക്ക് കുറഞ്ഞത് 151200 രൂപ അടിസ്ഥാന ശമ്പളം ലഭിക്കേണ്ടതാണ് . റിട്ടേണിൽ അവധി, വിടുതൽ, പ്രവേശിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.മേൽ സാഹചര്യത്തിൽ 1000 രൂപ ഡിമാന്റ് നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ മേൽ ജീവനക്കാരിക്ക് ജൂലൈ 2018 മുതൽ മാത്രമാണ് ശമ്പളം ലഭിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉദാഹരണത്തിന് പുറമെ ഇത്തരത്തിൽ ധാരാളം സ്ഥാപനങ്ങളുടെ റിട്ടേണിൽ അപൂർണ്ണമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. സമർപ്പിക്കപ്പെടുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താതെയാണ് ഡിമാന്റ് തുക നിശ്ചയിച്ച് നൽകുന്നതെന്ന് മേൽ അപാകതകളിൽ നിന്നും വ്യക്തമാകുന്നു. അപാകത വരുമാന നഷ്ടത്തിന് കാരണമായേക്കാം. റിട്ടേണുകൾ പൂർണ്ണമാക്കി സമർപ്പിക്കുന്നതിന് സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിമാന്റിന്റെ കൃത്യത ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.
2. 2018-19 വർഷത്തിൽ 561 പേർക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 329 കച്ചവടക്കാരിൽ നിന്നും മാത്രമാണ് സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ ഒരു ഉടമയ്ക്ക് തന്നെ ഒന്നിലധികം സ്ഥാപനങ്ങളുള്ളതിനാൽ ഡിമാന്റിന്റെ എണ്ണം 561 ൽ കുറവായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.2018-19 വർഷത്തിൽ തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും 2019-20 വർഷത്തിൽ ആയത് ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാകുന്നുണ്ട്. തൊഴിൽ നികുതി കുടിശ്ശിക വരുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതും , 2019-20 വർഷത്തിൽ പിരിച്ചെടുത്ത തൊഴിൽ നികുതി ഇനത്തിലെ കുടിശ്ശിക തുകയുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ പരിപാലിക്കേണ്ടതുമാണ്.
3. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട് .ഉദാ- ഇസ്മയിൽ, തറവട്ടത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള സലാം മാർട്ട് എന്ന സ്ഥാപനത്തിൽ 10 ജീവനക്കാർ ഉണ്ട്.എന്നാൽ മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇത്തരത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന വിവരങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16,1-ാം ഉപചട്ട പ്രകാരമുള്ള ഫോറം 1 പ്രകാരം നോട്ടീസ് നൽകി, ഫോറം II പ്രകാരം റിട്ടേൺ ലഭ്യമാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

## 1-6 രശീത് പിരിവിലെ അപാകത

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിലേക്കായി മേപ്പയ്യൂർ വെറ്ററിനറി സർജ്ജന് അനുവദിച്ചിട്ടുള്ള 60715 നമ്പർ രശീത് ബുക്ക് 07.02.2020 ന് ഓഡിറ്റ് പരിശോധനക്ക്

ലഭ്യമാക്കിയിട്ടുണ്ട്. കല്യാണി, ഒതയോത്ത് താഴകുനി എന്നിവരിൽ നിന്നും 1375 രൂപ സ്വീകരിച്ച 24 നമ്പർ രശീതിൽ തുക സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക 12.02.20 ൽ 119170105814 നമ്പർ രശീത് പ്രകാരമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 07.02.20 നോ ആയതിന് മുൻപോ സ്വീകരിച്ചിട്ടുള്ള 1375 രൂപ 12.02.20 ലാണ് അടവാക്കിയിട്ടുള്ളത്. തുക അടവാക്കുന്നതിലുണ്ടായ കാലതാമസം , രശീതിൽ തീയതി രേഖപ്പെടുത്താത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം സമർപ്പിച്ച മറുപടിയിൽ തെറ്റ് സംഭവിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ഡി & ഒ ലൈസൻസ്-അപാകതകൾ

2018-19 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന് ആധികാരികത കാണുന്നില്ല. എല്ലാ വാർഡിന്റെയും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല.ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ വാർഡ് ഒന്നിൽ 6 വ്യാപാര-വ്യവസായ സ്ഥാപനങ്ങളാണുള്ളത്. എന്നാൽ പ്രസ്തുത ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ആധാരമാക്കിയ ഫീൽഡ് പരിശോധനാ റിപ്പോർട്ടിൽ വാർഡിൽ 17 സ്ഥാപനങ്ങളുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2018-19 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ,സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല.
2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2515 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2018-19 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 561 പേർ മാത്രമാണ് ഡി&ഒ ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 1954 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങളുപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2515 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-8 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**ഫയൽ നം- എ2/2524/2018, തീയതി. 04.04.2018**

റഹീം, ആവലത്ത് താഴകുനി മുതൽ പേരുടെ കെട്ടിട പൂർത്തീകരണ അപേക്ഷ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 04.02.2016 ലെ ബി.എൽ- 331/2014-15 നമ്പറായി സമ്മേളന വിനിയോഗ ഗണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷകൻ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തതും മേപ്പയ്യൂർ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ളതുമായ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ( നം- 13271258, തീ-28.07.2015, റീ.സ -19/2, 0.0665 ഹെക്ടർ,നം-13271226, തീ-28.07.2015, റീ.സ -6/12, 0.0271 ഹെക്ടർ ) ഭൂമിയുടെ തരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.അപേക്ഷയിൽ റീ.സർവ്വെ നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളത് 18/2 ആണ്.പ്രസ്തുത റീ സർവ്വേ നമ്പർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡാറ്റാബാങ്കിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രത്തിനൊപ്പം സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിലും ഭൂമിയുടെ തരം WET എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ( നം-31439211, തീ.06.04.2018, വില്ലേജ് ഓഫീസർ, മേപ്പയ്യൂർ, ). ഇതിൽ നിന്നും ഭൂമിയുടെ തരം മാറ്റിയിട്ടില്ലെന്നത് വ്യക്തമാണ്. മേൽ വസ്തുതകൾ പരിഗണിക്കാതെയാണ് 04.02.2016 ന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

2. റീ സർവ്വെ 18/2 ൽ ഉൾപ്പെട്ട ഭൂമിയിലാണ് അപേക്ഷകൻ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. ( പഴയ നം- 19/2,6/2,6/5,6/12, 6/3, 6/14 റീസർവ്വേകളിൽ ഉൾപ്പെട്ട ഭൂമി ) .മേപ്പയ്യൂർ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള സൈറ്റ് പ്ലാനിൽ സർവ്വെ നമ്പർ 6/12 , 6/5 എന്നിവ പ്രകാരമുള്ള ഭൂമിക്ക് കുറുകെ പഞ്ചായത്തിൽ നിക്ഷിപ്തമായ ഒരു തോട് കടന്ന് പോകുന്നുണ്ട്.(മറ്റുള്ള പ്ലോട്ടുകളെ സംബന്ധിച്ച സ്കെച്ച് ലഭ്യമല്ല. 15.07.2015 ലെ അവലത്ത് താഴകുനി അബ്ദുറഹിമാൻ എന്നവരുടെ അപേക്ഷയിൽ കായലാട് നടേരി തോട് കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിലൂടെയാണ് കടന്ന് പോകുന്നതെന്നും , തോട് ഉയർത്തി മുകളിൽ കോൺക്രീറ്റ് സ്ലാബ് ഇടുന്നതിന് അനുമതി നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്കെച്ചിൽ 78.3 മീ നീളത്തിൽ സർവ്വെ നം 6/12, 6/14, 6/3, 6/5 എന്നിവ പ്രകാരമുള്ള ഭൂമിയെ വേർതിരിച്ച് കൊണ്ട് തോട് ഒഴുകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തോടിന് കൂടിയത് 3 മീറ്ററും , കുറഞ്ഞത് 1.65 മീറ്ററും വീതിയുള്ളതായി സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 13.08.2015 ലെ 136/15 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള തോടിന്റെ സൈഡ് പൊളിച്ച് കെട്ടി, 2 മീറ്റർ വീതി നിലനിർത്തി നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്കെച്ച് പ്രകാരം സ്ലാബിടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രത്തിനൊപ്പം സമർപ്പിച്ച പ്ലാനിൽ തോടിന്റെ ഏറ്റവും കൂടിയ വീതി 2 മീറ്ററാണ്. പലഭാഗങ്ങളിലും 2 മീറ്റർ വീതി ഉറപ്പ് വരുത്തിയിട്ടുമില്ല . തോട് കെട്ടി സംരക്ഷിച്ചതായും കാണുന്നില്ല. തോടിന്റെ നിരപ്പിൽ നിന്നും ഉയർന്ന നിരപ്പിൽ ഭൂമി പരിവർത്തനം ചെയ്തതായും കാണുന്നു. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള തോടിന്റെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന മേൽ തോടിന്റെ സംരക്ഷണം ഉറപ്പ് വരുത്താതെയാണ് കെട്ടിട നിർമ്മാണ അനുമതി നൽകപ്പെട്ടിട്ടുള്ളത്. കൂടാതെ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തോടിന്റെ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-9 പഞ്ചായത്ത് ഭൂമി സംരക്ഷണം

ഫയൽ- നം- എ4/6807/18

11.09.2018 ലെ സെക്രട്ടറിയുടെ 29/2018 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ ഹസ്സൻ, കിഴക്കെ ചാലിൽ എന്നവരുടെ പേരിലുള്ള 8/1088 നമ്പർ കെട്ടിടം നിൽക്കുന്ന സ്ഥലം പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്നും , കെട്ടിടം പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച ഒരു ഫയൽ ഗ്രാമപഞ്ചായത്തിലുണ്ടെന്നും വ്യതക്തമാക്കുന്നുണ്ട്. ആയത് കണ്ടെത്തുന്നതിന് മേൽ നമ്പറായി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഫയൽ കണ്ടെത്താനായിട്ടില്ല.

ഫയലിൽ തുടർനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ 17.09.2018 ന് അനുവദിച്ച സർവ്വെ സ്കെച്ചിൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചന്ദ്ര ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം റീ.സ.നം- 18/2, 18/3 എന്നിവയിലായാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 25.09.2018 ലെ മേപ്പയ്യൂർ വില്ലേജ് ഓഫീസറുടെ 84/18 നമ്പർ കത്തിൽ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം 18/2 ൽ ഉൾപ്പെട്ട 61.5 ആർ ഭൂമി (ബസ്സ്റ്റാന്റ് സ്ഥലം ) പഞ്ചായത്തിന്റെ അധീനതിയിലാണെന്ന് വ്യക്തമാക്കുന്നുണ്ട്. തഹസിൽദാറുടെ നിർദ്ദേശ പ്രകാരം മേപ്പയ്യൂർ വില്ലേജ് ഓഫീസർ പരിശോധന നടത്തിയതിൽ റീ.സ 18/2 ൽ ഉൾപ്പെട്ട ഭൂമിയിൽ 16 ച.മീ ഭൂമി ചന്ദ്രൻ.ടി.കെ, തിയ്യക്കണ്ടി , മേപ്പയ്യൂർ , എന്നയാൾ കയ്യേറി 30 വർഷത്തോളമായി കൈവശം വച്ച് പോരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ( കത്ത് നം- കെ3/13140/14, തീ.30.10.19 ) റീ.സ നം- 18/2, പഴയത് 19/3 ബി1 ൽ ഉൾപ്പെട്ട .58 ആർ ഭൂമിയിലാണ് കയ്യേറ്റമുണ്ടായിട്ടുള്ളത്.ആയത് അളന്ന് മാർക്ക് ചെയ്യുന്നതിന് 01.02.20 ന് സെക്രട്ടറി തഹസിൽദാർ, ഭൂരേഖക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടായ വീഴ്ചയും പരിപാലനത്തിലുണ്ടായ ശ്രദ്ധകുറവുമാണ് മേൽ കയ്യേറ്റത്തിന് കാരണമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ഭൂമിയുടെ ഭൂനികുതി അടവാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ നിയമോപദേശം സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ ഭൂമിക്ക് പുറമെ കറുത്തേടത്ത് മീത്തൽ സ്ഥലം, ഉണ്ണുമ്മല പറമ്പ്, മുന്നൂറാം കണ്ടി കോളനി (കളിസ്ഥലം ) എന്നീ ഭൂമികളുടെ ഉൾപ്പെടെ പഞ്ചായത്തിന്റെ ആസ്തിയായ മുഴുവൻ ഭൂമിയുടെയും കരമടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10 പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നോടിയ 78 പദ്ധതികളിൽ 50 എണ്ണത്തിൽ മാത്രമേ തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അംഗീകാരം നേടിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് നിർമ്മാണ ,പുനരുദ്ധാരണ പ്രവൃത്തികളാണ്. ഇവ തന്നെ ചെറിയ അടങ്കലിലും ചെറിയ ചെയിനേജിലും ഉള്ള പ്രവൃത്തികളായത് കാരണം പ്രവൃത്തികളുടെ കാര്യക്ഷമമായതും സമയബന്ധിതമായതുമായ നടത്തിപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് ഉറപ്പ് വരുത്താൻ കഴിയാതെ വരുന്നു അന്തിമമായി ഇത് പദ്ധതി പൂർത്തീകരണത്തെ ബാധിക്കുകയും ചെയ്യുന്നു. ഓഡിറ്റ് വർഷം പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിൽ കരാറുകാരുടെ വിമുഖത പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചതായി എക്സിറ്റ് മീറ്റിങ്ങിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പരാമർശിക്കുകയുണ്ടായി. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള പദ്ധതികൾ പരമാവധി കുറച്ച് ഒരുറോഡിലെ മുഴുവൻ പ്രവൃത്തികളും ഉൾക്കൊള്ളുന്ന തരത്തിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാത്തതിനാലാണ് ഇത്തരം ഒരവസ്ഥ സംജാതമാകാനിടയായത്. കൂടിയ അടങ്കലിലുള്ള പ്രവൃത്തികൾ രൂപീകരിക്കുന്നത് വഴി ടെണ്ടർ നടപടികളിൽ ക്ഷമതയുള്ള കരാറുകാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് ടെണ്ടർ മത്സരക്ഷമമാക്കും. ഇത് ആത്യന്തികമായി പ്രവൃത്തികളുടെ ഗുണമേന്മയും പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാര്യക്ഷമമായ മേൽനോട്ടം നടത്താനും കഴിയും. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ കണ്ട മറ്റ് അപാതകൾ താഴെ ചേർക്കുന്നു.

1-പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി രൂപീകരണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പുതുക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ചുമതലയാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന മേഖല നേരിടുന്ന പ്രശ്നങ്ങളുടെയും പ്രശ്ന പരിഹാര സാധ്യതകളുടെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലെ പൊതുമരാമത്ത് മേഖലയെ സംബന്ധിക്കുന്ന വിവരങ്ങൾ കാലികമല്ലാത്തത് കാരണം മേഖല നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരമായിട്ടാണോ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയത് എന്ന പരിശോധന സാധ്യമല്ലാതെ വരുന്നു. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഉദ്യോഗസ്ഥർ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടത്. തൻവർഷം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയ പദ്ധതി ഫയലുകളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടില്ല.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മുൻ വർഷ യോഗങ്ങളിൽ ആസൂത്രണ ത്തിലെ മികവ് നിർവ്വഹണ ഘട്ടത്തിൽ ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിന് മോണിറ്ററിംഗ് ശക്തിപ്പെടുത്തണം എന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിലും വർക്കിംഗ് ഗ്രൂപ്പ് മോണറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതികൾ വിലയിരുത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ഇത് പദ്ധതികൾ കൊണ്ടുണ്ടാവേണ്ട ഗുണഫലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിയോ എന്ന പരിശോധന സാധ്യമല്ലാതാക്കുന്നു.

2-ഒളോറപ്പാറ കിഴക്കയിൽ റോഡ് റീടാറിംഗ് -എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയില്ല.

പ്രോജക്ട് നം-35/18-19

അടങ്കൽ -500000 ( 495000 ധനകാര്യഗ്രാന്റ്,5000 തനത് ഫണ്ട്)

ചെലവ് -481148/- ബിൽ നം-

എസ്റ്റിമേറ്റ് റിപ്പോർട്ട് 185 മീറ്റർ നീളത്തിൽ നിലവിലുള്ള റോഡിൽ നിലവിൽ താഴ് ന്ന് കിടക്കുന്നതും വെള്ളം നിൽക്കുന്നതുമായ സ്ഥലത്ത് മണ്ണ് ഫില്ലിംഗ് ചെയ്ത് അതിനുമുകളിൽ ക്വാറിമക്ക് ഇട്ട് ലെവൽ ചെയ്യുവാനും റോഡിൽ ഉയർന്ന് നിൽക്കുന്നഭാഗം കട്ട് ചെയ്ത് താഴ്ത്തി മെറ്റലിംഗ് ടാറിംഗിനാണ് പദ്ധതി തയ്യാറാക്കിയത്. എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നമ്പർ 2 ആയി 60 മീറ്ററിൽ റോഡിൽ 5.20 വീതിയിൽ 30 സെന്റീമീറ്റർ 93.6 എം$^3$ റോഡ് കട്ടിംഗാണ്.എന്നാൽ പ്രവൃത്തിനിർവ്വഹിച്ചതിന്റെ എം ബുക്ക് (നം-47/18-19) പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തി 15 മീറ്ററിൽ 3 മീറ്റർ വീതിയിൽ 20 സെന്റീമീറ്ററിൽ നിർവ്വഹിച്ചത് 9 എം$^3$ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ 3 ആയി 90.750 എം$^3$ കൺസ്ട്രക്ഷൻ ഓഫ് സബ് ഗ്രേഡാണ്. എംബുക്ക് പ്രകാരം 158.8 മീറ്റർ സബ് ഗ്രേഡ് നിർമ്മാണത്തിന് 97.12 എം$^3$ കണക്കാക്കുകയും ആയതിൽ നിന്ന് റോഡ് കട്ടിംഗ് ഇനത്തിൽ ലഭിച്ച 9 എം$^3$ കിഴിച്ച് 88.12 എം$^3$ ന് 120 നിരക്കിൽ 10574.40 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് . 12.02.20ൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ റോഡിൽ റോഡ് കട്ടിംഗ് പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ ദൂരത്തിലും ചെയ്യാത്തതിനാൽ റോഡിലെ കയറ്റം നിലനിൽക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 2 പ്രകാരമുള്ള മുഴുവൻ ദൂരത്തിലും റോഡ് കട്ടിംഗ് പ്രവൃത്തി ചെയ്തിരുന്നെങ്കിൽ ഐറ്റം നമ്പർ 3 ആയി ചെയ്യേണ്ട പ്രവൃത്തിക്കാ വശ്യമായ മണ്ണ് ലഭിക്കുകയും റോഡിലെ കയറ്റം കുറയുകയും ചെയ്യുമായിരുന്നു.എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കാഞ്ഞതിന് വിശദീകരണം നൽകേണ്ടതാണ്.

3-നരക്കോട് പാവട്ട്കണ്ടിമുക്ക് ഭജനമഠം റോഡ് ടാറിംഗ് -പാച്ച് സോളിംഗിനായി അധികതുക ചെലവഴിക്കേണ്ടിവന്നു.

പ്രോജക്ട്-നം56/18-19

അടങ്കൽ-800000/-

ചെലവ്-780576/-

നരക്കോട് പാവട്ട് കണ്ടിമുക്ക് ഭജനമഠം റോഡ് ടാറിംഗിനായി തയ്യാറാക്കിയ പദ്ധതിയിൽ ചെയിനേജ് 0/00 മുതൽ 0/205 വരെ ടാറിഗ് പൊളിഞ്ഞ് പോയത് പാച്ച് വർക്കും 0/205 മുതൽ 0/381 വരെ സോളിംഗ് ചെയ്തറോഡിൽ പാച്ച് സോളിംഗും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് (49/18-19) പ്രകാരം 14.85എം$^3$ പാച്ച് സോൾ ചെയ്തതിന് 3030 രൂപ നിരക്കിൽ 44995.5 രൂപ ചെലവ് വന്നിട്ടുണ്ട്. ഇത് സോളിംഗ് ചെയ്ത റോഡിൽ സമയബന്ധിതമായി ടാറിംഗ് പ്രവൃത്തി നിർവ്വഹിക്കാഞ്ഞത് കൊണ്ടുണ്ടായ അധിക ചെലവാണ്. ചെയിനേജ് 0/00 മുതൽ 0/205 വരെ ടാർ ചെയ്തറോഡിൽ പാച്ച് വർക്ക് നടത്തുന്നതിനൊപ്പം തന്നെ ബാക്കി 0/205 മുതൽ 0/381 ഭാഗത്ത് പാച്ച് സോളിംഗ് നടത്തിയത് വഴി സോൾ ചെയ്ത പ്രസ്തുതഭാഗം വർഷങ്ങളായി ടാർ ചെയ്യാതെ കിടക്കുന്നതിനിടയായിട്ടുണ്ട്. മുൻവർഷങ്ങളിൽ സോളിംഗ് പൂർത്തിയായ റോഡിൽ സമയബന്ധിതമായി ടാറിംഗ് ഉൾപ്പെടെയുള്ള തുടർ പ്രവൃത്തികൾ നടത്താത്തതിനാലാണ് പാച്ച് സോളിംഗ് ഇനത്തിൽ അധിക തുക ചെലവഴിക്കേണ്ടിവന്നത്.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11 എസ്.എസ്.എസ്എ ഫണ്ട് തുക വകയിരുത്തി ചെലവഴിച്ചതിൽ അപാകത.

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് എസ് എ വിഹിതം അടവാക്കലിനായി രണ്ട് പദ്ധതികളിലൂടെ 700000/- രൂപ ചെലവഴിച്ചിട്ടുണ്ട് .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ പ്രോജക്ട് നം-15/18-19 | 500000 | 500000 | പൊതുവിഭാഗം സാധാരണ വിഹിതം |
| എസ്.എസ്.എ വിഹിതം അടവാക്കൽ പ്രോജക്ട് നം-17/18-19 | 200000 | 200000 | എസ്.സി.പി |

മേൽ പറഞ്ഞ രണ്ടാമത് പ്രോജക്ടിൽ എസ്.എസ്.എ വിഹിതം അടവാക്കുന്നതിനായി 200000/- രൂപ എസ്.സി.പി ഫണ്ട് ആണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം 2388 വിദ്യാർത്ഥികളാണ് പഞ്ചായത്തിലുള്ളത് .ഇതിൽ 2223 ജനറൽ വിഭാഗത്തിലുള്ളവരും 165 പേർ പട്ടികജാതി വിഭാഗത്തിലും പെടുന്നവരാണ്.എസ്.സി.പി ഫണ്ട് പദ്ധതികൾക്കായി വകയിരുത്തുമ്പോൾ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതിക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപ പദ്ധതി വിഹിതത്തിൽ നിന്ന് പദ്ധതികൾക്കായി വകയിരുത്താവുന്നതും,ബാക്കി തുക പൊതു വിഭാഗം/ ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്.പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസനഫണ്ട് /തനത് ഫണ്ട് തന്നെ വകയിരുത്തണം. 2018-19 വർഷം എസ്.എസ്.എ ഫണ്ട് ഇനത്തിൽ പഞ്ചായത്ത് 700000/- രൂപ ചെലവഴിച്ചിതിൽ 200000/- എസ്.സി ഫണ്ടാണെന്നിരിക്കെ മേൽകാലയളവിലെ പഞ്ചായത്തിലെ എസ്.സി വിഭാഗം കുട്ടികളുടെ കൃത്യമായ എണ്ണം ഓഡിറ്റിന് ലഭ്യമാക്കണ്ടതാണ്.ഇങ്ങനെ എസ്.സി.പി ഫണ്ട് എസ്.എസ്.എ വിഹിതമായി വകയിരുത്തി ചെലവഴിച്ചത് വഴി മേൽ വിഭാഗത്തിന് മാത്രം ചെലവഴിക്കാവുന്ന തുകയിൽ കുറവ് വരികയും അത് വഴി അർഹമായ സഹായം മേൽവിഭാഗക്കാർക്ക് നഷ്ടപ്പെടുന്നതിനുമിടയാക്കി.

## 1-12 അടിസ്ഥാന രേഖകളില്ലാതെ തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ് നൽകുന്നു.

പഞ്ചായത്ത് തൻവർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ 438581/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| | വൌച്ചർ നമ്പർ | തുക |
|---|---|---|
| 1 | 2100031 | 32,751 |
| 2 | 2100088 | 32,751 |
| 3 | 2100181 | 31,111 |
| 4 | 2100270 | 32,751 |
| 5 | 2100341 | 32,751 |
| 6 | 2100431 | 32,751 |
| 7 | 2100515 | 75,591 |
| 8 | 2100609 | 33,791 |
| 9 | 2100692 | 33,789 |
| 10 | 2100764 | 33,789 |
| 11 | 2100868 | 34,004 |
| 12 | 2100946 | 32,751 |
| | | 4,38,581 |

പഞ്ചായത്തിൽ എത്ര തെരുവു വിളക്കുകൾ പ്രവർത്തിക്കുന്നുണ്ട് അവ സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ എന്നിവ ഭൌതിക പരിശോധന നടത്തി തയ്യാറാക്കിയ തെരുവുവിളക്ക് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് തെരുവു വിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടവാക്കേണ്ടത്. എന്നാൽ പഞ്ചായത്ത് തെരുവുവിളക്കുകളുടെ ആധികാരികത പരിശോധിച്ചുറപ്പു വരുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കാതെ തുക അടവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-13 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - അപാകതകൾ

1)പ്രൊജക്ട് :സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

പ്രൊജക്ട് നമ്പർ :164/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ,തുക : 25/16-01-2019, 131,000 /-

218000770/18-1-19 269,000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം 400,000 /-രൂപ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ.

| | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എൽ.ഇ.ഡി ലൈറ്റ് | 271 | 1200 | 325200 |
| 2 | 2x11വാട്സ് സി.എഫ്.എൽ ലൈറ്റ് | 97 | 650 | 63050 |
| 3 | 2x15വാട്സ് സി.എഫ്.എൽ ലൈറ്റ് | 25 | 500 | 12500 |
| | | 393 | | 400750 |

ഈ തെരുവു വിളക്കുകൾ താഴെ കാണിക്കും പ്രകാരം മാറ്റിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് | തെരുവു വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 25 |
| 2 | 20 |
| 3 | 25 |
| 4 | 25 |
| 5 | 25 |
| 6 | 20 |
| 7 | 20 |
| 8 | 25 |
| 9 | 20 |
| 10 | 20 |
| 11 | 25 |
| 12 | 25 |
| 13 | 25 |
| 14 | 25 |
| 15 | 25 |
| 16 | 25 |
| 17 | 25 |

| | |
|---|---|
| ആകെ | 400 |

393 തെരുവ് വിളക്കുകൾ മാറ്റിയതിനാണ് കരാറുകാരൻ ബിൽ നൽകിയത്.എന്നാൽ 400 എണ്ണം മാറ്റിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാർഡ് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിൽ തെരുവ് വിളക്കുകൾ മാറ്റിയ സ്ഥലം, ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ എന്നിവ കാണിക്കാതെ മൊത്തം എണ്ണം മാത്രമാണ് കാണിച്ചിരിക്കുന്നത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തെരുവ് വിളക്കുകൾ മാറ്റിയ പ്രവൃത്തി മോണിട്ടറിംഗ് ചെയ്തിട്ടില്ല.

തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖയായി പഞ്ചായത്ത് തെരുവുവിളക്ക് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും കരാറുകാരൻ ഈ രജിസ്റ്ററിലെ പരാതികളുടെ അടിസ്ഥാനത്തിൽ വർഷത്തിലുടനീളം റിപ്പയർ പ്രവൃത്തി ചെയ്യേണ്ടതുമാണ്. കൂടാതെ തെരുവ് വിളക്കുകൾ സംബന്ധിച്ച അടിസ്ഥാന രേഖയായ തെരുവുവിളക്ക് രജിസ്റ്റർ, അൺ സർവ്വീസബ്ൾ ഐറ്റംരജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിക്കാതെയുമാണ് സ്ട്രീറ്റ് ലൈറ്റുകൾ മാറ്റിയ ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ പരാമർശിക്കാതെ വാർഡ് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയത്. ഈ അപാകതകൾ കാരണം ചെലവ് തുക 4,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ - ഗാർഹിക കണക്ഷനുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചില്ല.

2015 - 16 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഗ്യസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയത്. മലയാളം ഗ്യസ് ഏജൻസി കീഴരിയൂർ മുഖേന വാണിജ്യാവശ്യങ്ങൾക്ക് നൽകുന്ന കണക്ഷനാണ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 29 അങ്കണവാടികളിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.പഞ്ചായത്തിലെ അങ്കണവാടികളിൽ ഗ്യസ് റീഫിൽ ചെയ്യുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഗ്യാസ് കണക്ഷനുകൾ താരതമ്യേന വിലകുറവുള്ള ഗാർഹിക കണക്ഷനുകളിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/18-19 /12.2.20) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ,വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഇടപെട്ട് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഗ്യാസ് കണക്ഷനുകൾ ഗാർഹിക കണക്ഷനുകളാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എം.ഒ.(പി.എച്ച്.സി) |
| പ്രോജക്ട് നം | 47/20 |
| അടങ്കൽ | 600000 |
| ഫണ്ട് | വികസനം |
| ചെലവ് | 600000/- |
| ബിൽ നം. / തിയ്യതി | 4/19/19.11.18 |

1.**വിവിധ കമ്മിറ്റികളുടെ പ്രവർത്തനം**

(a) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോയോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന-അവലോകന റിപ്പോർട്ടും,വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട്കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

**2. പാലിയേറ്റീവ് കെയർ വാഹനം**

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഉണ്ട് എന്നാൽ ഈ വാഹനം രേഖാമൂലം എച്ച്.എം.സി.കൺവീനറായ മെഡിക്കൽ ഓഫീസർക്ക് സെക്രട്ടറി കൈമാറിയിട്ടില്ല. ഈ വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറായിരിക്കേണ്ടതാണ്. വാഹനം എച്ച്.എം.സി.യുടെ പൂർണ്ണ ചുമതലയിലും ഉത്തരവാദിത്വത്തിലുമാണ് ഉപയോഗിക്കേണ്ടത്. എച്ച്.എം.സി.യുടെ കൺവീനറായ മെഡിക്കൽ ഓഫീസർക്ക് ഇക്കാര്യത്തിൽ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ. (എം.എസ്) നം.170/07/ തസ്വഭവ. തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വാഹനത്തന്റെ ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മറ്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

**3. മോണിറ്ററിംഗ്**

പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടന്ന് ഉറപ്പുവരുത്തുന്നതിനായി പി.എം.സിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വെച്ച് ഓരോ മാസത്തിലും അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം എല്ലാ മാസത്തിലും ഇത്തരം യോഗങ്ങൾ ചേർന്നതായി കാണുന്നില്ല.

**4. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല**

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്

ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ന. 6/18-19/12.2.20) മറുപടി നൽകിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 പദ്ധതി ആസൂത്രണം, നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു.

2. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്.സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ് ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത് എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്.

3. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക ക്രോഡീകരിക്കുക അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ.ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

4. <u>നിർവ്വഹണം സമയബന്ധിതമായി നടക്കുന്നില്ല</u>

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം.തുടർന്ന് എല്ലാ പ്രൊജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടന്നതായി കാണുന്നില്ല.

5. <u>മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല</u>

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും,നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

6. <u>സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച</u>

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധകമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും,പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വിസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളൊ, പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്. ആസൂത്രണ പ്രവർത്തനങ്ങളെ ജനോപകാരപ്രദമാക്കിമാറ്റുന്നതിനും, ലക്ഷ്യബോധത്തോടെ പദ്ധതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താതിരിക്കുകയും, അത് വഴി ആസൂത്രണ പ്രവർത്തനങ്ങൾ ദുർബലപ്പെട്ട് പോകാനും സാധ്യതയുണ്ട്. ഇത് തിരിച്ചറിഞ്ഞ് ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 വനിതകൾക്ക് കറവപ്പശു വിതരണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 34 ഗുണഭോക്താക്കൾക്ക് പശു വളർത്തലിന് സബ്സിഡി നൽകുന്നതിന് മേപ്പയ്യൂർ ടൗൺ സർവ്വീസ് സഹകരണ ബേങ്കിന്റെ ധനസഹായത്തോടെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഡി.ഇ.ഒ |
| പ്രോജക്റ്റ് നം. | 21/ 19 |
| അടങ്കൽ | 1870000/- (935000സബ്സിഡി, 935000ലോൺ) |
| ഫണ്ട് | വികസന ഫണ്ട് , ബേങ്ക് ലോൺ |

| | |
|---|---|
| ചെലവ് | 1870000/- |
| ബിൽ നം. തി. | 3/18-19 /26.03.2019 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 34 ഗുണഭോക്താക്കൾക്ക് 27500/- രൂപവീതം സബ്സിഡിയും ബേങ്ക് ലോണും ഉൾപ്പെടെ 55000/- രൂപയാണ് ബേങ്ക് അനുവദിച്ചിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ പാസ് ബുക്ക് പരിശോധിക്കുകയുണ്ടായി. ഇതിൽ ഒൻപത് ശതമാനം പലിശ ഉൾപ്പെടെ തിരിച്ചടവായി കാണിച്ചിരിക്കുന്നത് പ്രതിമാസം 2000 രൂപ വീതം 36 മാസത്തേക്കാണ്. അതായത് ഈ വ്യവസ്ഥപ്രകാരം ക്ഷീരകർഷകർ വായ്പയുടെ ലോക്ക് ഇൻ പിരീഡ് കഴിയുമ്പോഴേക്കും 72000/-രൂപ തിരിച്ചടക്കേണ്ടി വരും. ഫലത്തിൽ സബ്സിഡി തുക കൂടി ഗുണഭോക്താക്കൾ തിരിച്ചടക്കേണ്ട അവസ്ഥ ഉണ്ടാകാൻ സാധ്യതയുണ്ട്. സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി29.01.2018 പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖ ഖ.3.1.2 (ബി) യിൽ പദ്ധതി ആസൂത്രണത്തിൽ സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ബാങ്ക്/സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവ നടത്തേണ്ടതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ചർച്ചകൾ നടത്തി ബേങ്ക് ലോണിന്റെ തിരിച്ചടവ് വ്യവസ്ഥകൾ മുൻകൂട്ടി നിശ്ചയിക്കുന്നതിലെ വീഴ്ചയാണ് ഇത്തരം അപാകതകളിലേക്ക് നയിക്കുന്നത്.

2. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിലെ ഗുണഭോക്താക്കളുടെ വരുമാന പരിധി 5 ലക്ഷമാണ്. എന്നാൽ ഗുണഭോക്താക്കളിൽ ചിലരുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടവരിൽ സർക്കാർ ജീവനക്കാരും,സർവ്വീസ് പെൻഷൻകാരും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | ഗുണഭോക്താവിന്റെപേര് | റിമാർക്സ് |
|---|---|---|---|
| 1 | 10 | സുമ.നീലഞ്ചേരിക്കണ്ടി. | മകൻ പ്രദീപൻ സർക്കാർ ജീവനക്കാരൻ |
| 2 | 13 | പാത്തു.കണിയാത്ത്.കൊഴുക്കല്ലൂർ | മകൻ മുഹമ്മദ് സർക്കാർ ജീവനക്കാരൻ |
| 3 | 13 | സൈനബ. ക്രസന്റ്.കൊഴുക്കല്ലൂർ | ഭർത്താവ് അഹമ്മദ് സർവ്വീസ് പെൻഷണർ |
| 4 | | തങ്കം.അമ്മാറത്ത്.മേപ്പയ്യൂർ | ഭർത്താവ് ഗോവിന്ദൻ നമ്പ്യാർ സർവ്വീസ് പെൻഷണർ |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ കാര്യത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/18-19/12.2.20) മറുപടി നൽകിയിട്ടില്ല. വരുമാനം ഉറപ്പുവരുത്താതെ നാല് ഗുണഭോക്താക്കൾക്ക നൽകിയ സബ്സിഡി തുക 110000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സിന് ലഭിച്ച തുകകൾ വർഷങ്ങൾ

കഴിഞ്ഞിട്ടും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| എസ്.സി.എ.ഫണ്ട് | 69581 |
| ആശ്രയ പ്ലാൻ ഫണ്ട് | 197665 |
| ഭവനശ്രീ | 46308 |

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ കാലങ്ങളിൽ നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, ആശ്രയ പദ്ധതി ഗുണഭോക്താക്കളുടെ പുനരധിവാസം, ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നിയാണ് പ്രധാനമായും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത്. വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി സർക്കാർ നൽകിയ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/18-19/12.2.20) മറുപടി നൽകിയിട്ടില്ല.ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റി മേൽ സൂചിപ്പിച്ച ഫണ്ടുകൾ സമയ ബന്ധിതമായി ചെലവഴിക്കുന്നതിൽ ആവശ്യമായ ഇടപെടലുകൾ നടത്തി തീരുമാനങ്ങളെടുത്ത് നടപ്പാക്കിയതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

## 1-19 ചെറുകിടവ്യവസായ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി,സ്റ്റാൻറ്റിംഗ് കമ്മിറ്റികൾ,വർക്കിംഗ് ഗ്രൂപ്പുകൾ,കുടുംബശ്രീ സംഘടനാസംവിധാനം എന്നിവയുടെ കൂട്ടായപ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഈ പദ്ധതി മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഓഡിറ്റ് വർഷം ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മൂന്ന് തവണയോഗം ചേർന്ന് വിവിധ പദ്ധതികളുടെ പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ഇതൊന്നും പദ്ധതികളായി മാറിയിട്ടില്ല. അംഗീകാരം ലഭിച്ച ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് (പ്രോജക്ട് നം.23/19.അടങ്കൽ.400000രൂപ) നടപ്പാക്കിയിട്ടില്ല. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2018-19 | 11/05/2019 മുതൽ 12/05/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(41) തീ.03/08/2019 |

## 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 800000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 800000 | - |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | - |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | - |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | സമഗ്ര നെൽകൃഷി വികസനം. | 325000 | 75000 |
| മേലടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 17000 | ജൈവ പച്ചക്കറി വികസന പരിപാടി | 11800 | 5200 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | നടുവിലത്തറ കുടിവെള്ള പദ്ധതി | - | 1000000 |

| | | | | | |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 3414315 | ലൈഫ് ഭവന പദ്ധതി | 3414315 | - |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | ക്ഷീരഗ്രാമം (വനിത) | 125000 | - |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകന് പാലളവിന് സബ്സിഡി | 200000 | - |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | - |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 390000 | സമഗ്ര നെൽകൃഷി വികസനം | 390000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | നടുവിലത്തറ കുടിവെള്ള പദ്ധതി | 35/30.01.2019 | 564000 | 0 | 564000 |

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|

| | | യുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | - | 20860000 | - | - | 20860000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4181882 |
| തൻവർഷം നിക്ഷേപിച്ച തുക | 4617005 |
| ആകെ | 8798887 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8798887 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | കാലയളവ് | തുക |
|---|---|---|---|
| 1 | ഇ.എം.എസ്.ആശുപത്രി ഷെയർ | - | 10000 |
| 2 | മേപ്പയ്യൂർ കോ - ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 09.05.2019 | 2490867 |
| 3 | മേപ്പയ്യൂർ കോ - ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 15.09.2019 | 2079342 |
| 4 | ട്രഷറി സേവിംഗ്സ്ബാങ്ക്,പയ്യോളി | 22.03.2020 | 300000 |
| 5 | ജില്ലാ സഹകരണബാങ്ക് ,കോഴിക്കോട്,മേപ്പയ്യൂർ ശാഖ | 19.09.2019 | 1006826 |
| 6 | മേപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക്,മേപ്പയ്യൂർ | 15.09.2019 | 281171 |
| 7 | ജില്ലാ സഹകരണബാങ്ക് ,കോഴിക്കോട്,മേപ്പയ്യൂർ ശാഖ | 15.09.2019 | 201442 |
| 8 | മേപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക് | 16.10.2019 | 147932 |
| 9 | മേപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക് | 17.06.2019 | 1019322 |
| 10 | മേപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക് | 29.06.2019 | 1000000 |
| 11 | മേപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക് | 15.02.2020 | 261985 |
| ആകെ | | | 8798887 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40010 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 1997-98 | 15 | 200 | പി.ടി.ഗോപാലൻ,റിട്ട.സെക്രട്ടറി | 118170100401 dt 10.05.2018 |
| 1997-98 | 23 | 832 | യയേഷ്, കൃഷി ഓഫീസർ | 1181770100402 dt.10.05.2018 |
| 1999-00 | 30 | 327 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1181770100403 dt.10.05.2018 |
| 2001-02 | 6 (8) | 300 | ജെനി,ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1181770100404 dt.10.05.2018 |
| 2004-05 | 3-1 | 474 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1181770100405 dt.10.05.2018 |
| 2005-06 | 2-1 | 549 | സെക്രട്ടറി, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | 1181770100406 dt.10.05.2018 |
| 2012-13,13-14 | 3-1 | 675 | സായിപ്രകാശ്, സീനിയർ ക്ലർക്ക് | 118170100903 dt.25.06.2018 |
| 2014-15 | 3-3(2,3,4,5,6) | 23153 | ഡി.എം.കുഞ്ഞിക്കണ്ണൻ, കോൺട്രാക്ടർ | 11817010025dt.27.04.2018 |
| 2016-17 | 2-4 | 13500 | ഡോ.പി.മുഹമ്മദ്, റിലീഫ് ക്ലിനിക് | 118170100417dt.11.05.2018 |
| ആകെ | | 40010 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 1(9) | 2004-05 | 11.1.2.8 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | ഭാഗം 1 | 2004-05 | 11.1.1.5 | ക്യാഷ് ബുക്കും രജിസ്ററും | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | എഴുതിയില്ല | |
| 1997-98 | 1 | 2004-05 | 11.1.2.6 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | | 2004-05 | 11.1.3.32 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1998-99 | 1 | 2004-05 | 11.1.2.7 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1998-99 | | 2004-05 | 11.1.3.37 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1999-00 | 33 | 2003-04 | 11.13.5.11 | മൈത്രി ഭവനപദ്ധതി | തടസ്സം തുടരുന്നു |
| 2000-01 (പദ്ധതി ചെലവ്) | 6 | 2004-05 | 11.1.4.7 | തൊഴിൽ പരിശീലന പദ്ധതികൾ | തടസ്സം തുടരുന്നു |
| 2000-01 | 8 | 2004-05 | 3.11.7.5.1 | കുടിവെള്ള പദ്ധതി-തുക അധികം നൽകി | ബഹു.ഹൈക്കോടതി വിധിയനുസരിച്ച് നടപടി.കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം |
| 2000-01 | 3-6 | 2005-06 | 2.70.1.1.3 | കോഴിട്ടുതാഴ-മാച്ചയിൽ റോഡ് | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.6.1 | ബജറ്റ് പാസാക്കിയിട്ടില്ല | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.11.1 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | ഒഴിവാക്കാൻ ശുപാർശ |
| | | 2012-13 | 2.6.16 | ലൈബ്രറികളുടെയും സാംസ്കാരിക നിലയത്തിന്റെയും നടത്തിപ്പ് | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) **ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

(ബി) **സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ഓഡിറ്റ് വർഷം | സർചാർജ് സർട്ടിഫിക്കറ്റ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916/- | തുക ഈടാക്കി<br>1) 10000/-(രശീത് നം-11601400016 തീയതി-26.03.17) |

| | | | | |
|---|---|---|---|---|
| | | | | 2)10000/-(രശീത് നം-11601400009 തീയതി-30.12.16)<br>3)10000/-(രശീത് നം-117010500002 തീയതി-15.04.17)<br>4)916/-(രശീത് നം-117010500007 തീയതി-09.08.17) |
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916/- | 30916 രൂപ ഈടാക്കി (രശീത് നം-11401100224 തീയതി-12.05.14) |
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-11.03.2014 | 8(4) | 28650/- | 28650 രൂപ ഈടാക്കി (രശീത് നം-11501103719 തീയതി-14.12.15) |

## **4-10** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,47,30,491 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,29,39,563 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,10,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 400000 | സുനിലകുമാരി കെ.വി,<br>സെക്രട്ടറി |
| 1-18 | 110000 | സ്മിത എം.കെ,<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിലകുമാരി കെ.വി,<br>സെക്രട്ടറി | സെക്രട്ടറി,<br>മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | ആയടത്തിൽ,<br>പന്തലായനി പി.ഒ,<br>കൊയിലാണ്ടി,<br>673305 |
| പ്രീത ഇ.കെ,<br>സീനിയർ വെറ്ററിനറി സർജൻ | മൃഗാശുപത്രി,<br>മേപ്പയ്യൂർ പി.ഒ. | പാരിജാതം,<br>അരിക്കുളം പി.ഒ,<br>673320 |
| സ്മിത എം.കെ,<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസര് | മേലടി ബ്ലോക്ക് പഞ്ചായത്ത്,<br>മേലടി പി.ഒ | കാർത്തിക,<br>ചേവരമ്പലം പി.ഒ,<br>കോഴിക്കോട്,<br>673017 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 5 | 15, 18, 20, 23, 31 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 31, 32, 35 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 1 | 33 |
| 2000-2001 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 3-4, 3-7, 6-8(1,2,3,4) |
| 2001-2002 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 6-3, 6-4,8, 10(3) |
| 2002-2003 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 4 | 2-1, 3-2, 3-7, 3-10 |

| | | | |
|---|---|---|---|
| 2003-2004 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 4 | 3-2, 3-3, 3-4,3-5 |
| 2004-2005 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 2 | 3-1, 3-4 |
| 2005-2006 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 2-1, 3-10, 3-11 |
| 2006-2007 | കെ.എസ്.എ.കെ.കെ.ഡി.പി9/260/11 തീയതി 08.03.11 | 21 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2007-2008 | കെ.എസ്.എ.കെ.കെ.ഡി.പി9/1436/12 തീയതി 08.10.12 | 31 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-15, 2-16, 2-17, 2-18, 2-19, 3-4, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31 |
| 2008-2009 | കെ.എസ്.എ.കെ.കെ.ഡി.പി9/638/11 തീയതി 22.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-2010 | കെ.എസ്.എ.കെ.കെ.ഡി.പി9/1639/13 തീയതി 18.10.13 | 28 | 1-1, 1-3, 1-4, 2-1, 2-3, 2-4(B,C), 2-7, 2-8, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-13, 3-14, 3-15, 3-16, 3-17(A,C), 3-19, 3-21, 3-22, 3-23, 3-24, 4-3, 4-6, 4-7 |
| 2010-2011<br>2011-2012 | കെ.എസ്.എ.കെ.കെ.ഡി.പി9/654/15 തീയതി 25.04.15 | 28 | 1-5, 1-7, 2-2(1), 2-3(2,4), 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-22(1,2,3), 3-23, 3-24, |

| | | | |
|---|---|---|---|
| | | | 3-25, 3-28, 4-3, 4-5 |
| 2012-2013<br>2013-2014 | കെ.എസ്.എ.കെ.കെ.ഡി.പി9/1663/15 തീയതി 15.10.15 | 31 | 1-4, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15(A), 3-15(B), 3-16, 3-17, 3-18, 3-19, 3-20, 3-21(A), 3-21(B), 3-22, 4-1, 4-2, 4-3, 4-10, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡിപി9/938/18 തീയതി 05.06.18 | 17 | 2-1, 2-2(1), 2-2(3), 2-2(5), 2-2(6), 2-4(1), 2-4(2), 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി9/2132/17 തീയതി 16.02.18 | 10 | 2-2, 2-3, 3-1, 3-4, 3-6, 3-8, 3-9, 3-10, 3-11, 3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി9/78/18 തീയതി 05.04.18 | 14 | 1-9, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-15, 4-7, 4-9 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

<u>അനുബന്ധം</u>

നം:കെ.എസ്.എ.കെ.കെ.ഡി.പി.10/213/2020 തിയതി:05.03.2020

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മേപ്പയൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**